### കീടനാശിനി തളിക്കുമ്പോൾ

- ശുപാർശ ചെയ്യുന്ന ഡോസ് മാത്രം പ്രയോഗിക്കുക.
- കൊടുംവെയിൽ, മഴ, കാറ്റ്, എന്നിവയുള്ള സമയങ്ങളിൽ മരുന്ന് തളിക്കരുത്
- മഴയ്ക്ക് തൊട്ടുമുമ്പോ ശേഷമോ തളിക്കാതിരിക്കുക
- കാറ്റിന്റെ ദിശയിൽ മരുന്ന് തളിക്കണം.
- മരുന്ന് തളിച്ചതിനു ശേഷം, സ്പ്രേയറും പാത്രങ്ങളും സോപ്പ് ഉപയോഗിച്ച് ശുദ്ധമായ വെള്ളത്തിൽ കഴുകണം.
- സ്പ്രേ ചെയ്തയുടനെ വയലിൽ മൃഗങ്ങളുടെയും തൊഴിലാളികളുടെയും പ്രവേശനം ഒഴിവാക്കേണ്ടതാണ്.

### ഉപയോഗം കഴിഞ്ഞാൽ

- ഉപയോഗിച്ച് തീർന്ന കീടനാശിനി പാത്രങ്ങൾ കല്ല്/ വടി ഉപയോഗിച്ച് ചതച്ച് ജലസ്രോതസ്സുകളിൽ നിന്ന് അകലെ മണ്ണിൽ കുഴിച്ചിടണം.
- കഴിക്കുന്നതിനും പുകവലിക്കുന്നതിനും മുൻപ് കൈകളും മുഖവും ശുദ്ധമായ വെള്ളവും സോപ്പും ഉപയോഗിച്ച് കഴുകുക.
- അസ്വസ്ഥതകൾ തോന്നുകയാണെങ്കിൽ പ്രഥമശുശ്രൂഷ നടപടികൾ സ്വീകരിക്കുക. ആവശ്യമെങ്കിൽ ഡോക്ടറെ കാണിക്കുകയും ചെയ്യുക. ഒഴിഞ്ഞ കണ്ടെയ്നർ ഡോക്ടറെ കാണിക്കുക. ഇത് ശരീരത്തിനകത്തു കടന്ന വിഷാംശം ഏതെന്നു മനസ്സിലാക്കാനും ആവശ്യമായ പ്രഥമ ശുശ്രൂഷ നല്കുന്നതിനും ഡോക്ടർക്ക് സഹായകമാകും.

### വെയ്റ്റിംഗ് പിരീഡ് (waiting period)

പല വിളകളിലും അവയിൽ തളിക്കുന്ന കീടനാശിനികളുടെ അംശം കുറച്ച് ദിവസത്തേക്ക് നിലനിൽക്കും എന്നതിനാൽ കീടനാശിനി തളിച്ച് ഈ നിശ്ചിത ദിവസങ്ങൾക്കു ശേഷമെ വിളവെടുക്കാവൂ. കീടനാശിനി അവശിഷ്ട വീര്യം നിലനിൽക്കുന്ന ഈ കാലയളവിനെ കാത്തിരിപ്പു കാലം എന്ന് പറയുന്നു. പ്രധാന പച്ചക്കറി വിളകളിൽ വിവിധ കീടനാശിനികളുടെ അവശിഷ്ട വീര്യം നിലനിൽക്കുന്ന കാലയളവ് (ദിവസങ്ങൾ)

**പട്ടിക 1 : പച്ചക്കറികളിൽ അവശിഷ്ട വീര്യം നിലനിൽക്കുന്ന കാലയളവ് (ദിവസങ്ങൾ) ചുവടെ കൊടുക്കുന്നു.**

| വിള | ക്വിനാൽഫോസ് | മാലത്തയോൺ | ഡൈമെത്തോയേറ്റ് | സൈറോമെസിപെൻ | ഫെൻപയറോക്സിമേറ്റ് | തയാമെത്തോക്സാം | ഡയാഫെൻതൈയാറോൺ |
|---|---|---|---|---|---|---|---|
| വെണ്ട | 3 | 3 | 3 | - | - | - | - |
| പാവൽ | 5 | 4 | 2 | - | - | - | - |
| വഴുതന | 3 | 3 | 3 | 5 | - | 3 | 3 |
| പടവലം | 6 | 1 | 3 | - | - | - | - |
| തക്കാളി | - | 1 | 5 | - | - | - | - |
| മുളക് | - | 1 | 4 | 7 | 7 | - | - |
| പയർ | - | - | 3 | - | - | - | - |

കുറിപ്പ് : 2% വീര്യമുള്ള കറിയുപ്പ് ലായനിയിലോ വിനാഗിരി ലായനിയിലോ പച്ചക്കറികൾ കഴുകിയതിനു ശേഷം നല്ലപോലെ വെള്ളത്തിൽ വീണ്ടും കഴുകുന്നത് കീടനാശിനിയുടെ അംശം കുറെയൊക്കെ കളയുന്നതിനു സഹായകമാകും.

*POP, KAU*

കൂടുതൽ വിവരങ്ങൾക്ക്

**ഐ.സി.എ.ആർ. കൃഷി വിജ്ഞാനകേന്ദ്രം മലപ്പുറം**

ഫോൺ : 0494 – 2686329

# കീടനാശിനികളുടെ സുരക്ഷിത ഉപയോഗം




**ഡോ. നാജിത ഉമ്മർ**
അസിസ്റ്റന്റ് പ്രൊഫസർ

**ഡോ. പ്രശാന്ത്. കെ**
അസിസ്റ്റന്റ് പ്രൊഫസർ

**ശ്രീമതി. പ്രശാന്തി. കെ**
അസിസ്റ്റന്റ് പ്രൊഫസർ



**ഐ.സി.എ.ആർ.**
**കൃഷി വിജ്ഞാനകേന്ദ്രം മലപ്പുറം**
കേരള കാർഷിക സർവ്വകലാശാല
കെ.സി.എ.ഇ.ടി. കാമ്പസ്, തവനൂർ
മലപ്പുറം-679 573

കീടനാശിനികളിൽ വിഷാംശം അടങ്ങിയിട്ടുള്ളതും മനുഷ്യരിലും മൃഗങ്ങളിലും പാർശ്വഫലങ്ങൾ ഉണ്ടാക്കുന്നതിനാലും അവയുടെ സുരക്ഷിത ഉപയോഗം ഉറപ്പു വരുത്തേണ്ടത് അത്യന്താപേക്ഷിതമാണ്. കീടനാശിനികളിലെ വിഷാംശം അനുസരിച്ചു അതി മാരക വിഷം, മാരക വിഷം, സാമാന്യ വിഷം, ലഘു വിഷം എന്നിങ്ങനെ തരം തിരിച്ചിട്ടുണ്ട്. ഇവ പാക്കറ്റുകളിൽ യഥാക്രമം ചുവപ്പ്, മഞ്ഞ, നീല, പച്ച എന്നീ നിറങ്ങളുള്ള ത്രികോണങ്ങളാൽ സൂചിപ്പിച്ചിരിക്കും. (ചിത്രം 1) കീടനാശിനികൾ വാങ്ങുന്നത് മുതൽ ഉപയോഗം കഴിഞ്ഞു പാക്കറ്റുകൾ നിർമാർജ്ജനം ചെയ്യുന്നത് വരെ യുള്ള വിവിധ ഘട്ടങ്ങളിൽ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ താഴെ പ്രതിപാദിക്കുന്നു.

**ചിത്രം 1 : കീടനാശിനികളിലെ വിഷാംശത്തിന്റെ തോത് സൂചിപ്പിക്കുന്ന ലേബൽ**

| ലേബൽ | ക്ലാസ് (വിഷാംശം അനുസരിച്ച്) |
|---|---|
|  | അതിമാരക വിഷം |
|  | മാരക വിഷം |
|  | സാമാന്യ വിഷം |
|  | ലഘുവിഷം |

**വാങ്ങിക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ**

- ലൈസൻസുള്ള, രജിസ്റ്റർ ചെയ്ത കീടനാശിനി ഡീലർമാരിൽ നിന്ന് മാത്രം കീടനാശിനികൾ / ജൈവകീടനാശിനികൾ വാങ്ങുക.
- നിർദ്ദിഷ്ട പ്രദേശത്ത് ഒരൊറ്റ തവണ ഉപയോഗത്തിന് ആവശ്യമായ കീടനാശിനികൾ മാത്രം വാങ്ങുക.
- കീടനാശിനികളുടെ കുപ്പികളിലും പാക്കറ്റുകളിലും ഉള്ള അംഗീകൃത ലേബലുകൾ നിരീക്ഷിക്കുക.
- ലേബലുകളിലെ ബാച്ച് നമ്പർ, രജിസ്ട്രേഷൻ നമ്പർ, നിർമ്മാണ തീയതി/ കാലാവധി എന്നിവ ശ്രദ്ധിക്കുക.
- കാലാവധി തീർന്ന കീടനാശിനികൾ വാങ്ങരുത്
- നന്നായി പായ്ക്ക് ചെയ്ത കീടനാശിനികൾ വാങ്ങുക. സീൽ പൊട്ടിയതോ പാക്കറ്റിനോ കുപ്പികൾക്കോ കേടുപാട് സംഭവിച്ചതോ ആയ കീടനാശിനികൾ വാങ്ങിക്കരുത്.

**സൂക്ഷിക്കേണ്ടത് എങ്ങനെ?**

- വീടിന്റെ പരിസരത്ത് നിന്ന് മാറി സൂക്ഷിക്കുക.
- കീടനാശിനികൾ അവയുടെ പാത്രത്തിൽ നിന്ന് മറ്റു പാത്രങ്ങളിലേക്കു മാറ്റി സൂക്ഷിക്കാൻ പാടുള്ളതല്ല. അവയുടെ യഥാർത്ഥ പാത്രങ്ങളിൽ മാത്രം സൂക്ഷിക്കുക.
- കീടനാശിനികൾ/ കളനാശിനികൾ എന്നിവ പ്രത്യേകം വേറെ വേറെ സൂക്ഷിക്കണം.
- കീടനാശിനി ഉപയോഗിച്ച പ്രദേശം മുന്നറിയിപ്പ് അടയാളങ്ങൾ ഉപയോഗിച്ച് അടയാളപ്പെടുത്തണം.
- കുട്ടികളിൽ നിന്നും വളർത്തു മൃഗങ്ങളിൽ നിന്നും അകലെ സൂക്ഷിക്കുക
- സൂര്യപ്രകാശം, മഴ എന്നിവയിൽ നിന്ന് സംരക്ഷിക്കണം.

**കൈകാര്യം ചെയ്യുമ്പോൾ**

- ഭക്ഷണം/ കാലിത്തീറ്റ/ മറ്റ് ഭക്ഷ്യവസ്തുക്കൾ എന്നിവയ്ക്കൊപ്പം ഒരിക്കലും കൊണ്ടു പോകരുത്.
- കീടനാശിനികൾ ഒരിക്കലും തലയിലോ തോളിലോ പുറകിലോ എടുക്കരുത്.

**കീടനാശിനി ലായനി തയ്യാറാക്കുമ്പോൾ**

- ലായനി തയ്യാറാക്കുവാൻ എപ്പോഴും ശുദ്ധമായ വെള്ളം ഉപയോഗിക്കുക.
- ശരീരം മുഴുവനും മൂടുന്ന വിധം സുരക്ഷിത വസ്ത്രം, കൈയ്യുറകൾ, മാസ്ക്, തൊപ്പി, മേൽകവചം, തുടങ്ങിയവ ഉപയോഗിക്കുക. ശരീര ഭാഗങ്ങളിൽ വീഴാതെ സൂക്ഷിക്കുക
- ഉപയോഗിക്കുന്നതിനു മുമ്പ് ലേബലിലെ നിർദ്ദേശങ്ങൾ ശ്രദ്ധാപൂർവ്വം വായിക്കുക.
- ആവശ്യാനുസരണം മാത്രം ലായനി തയ്യാറാക്കുക.
- തരി രൂപത്തിലുള്ള കീടനാശിനി വെള്ളവുമായി ലയിപ്പിക്കാൻ ശ്രമിക്കരുത്.
- സ്പ്രേ ടാങ്ക് നിറയ്ക്കുമ്പോൾ കീടനാശിനി തെറിച്ചു പുറത്തു പോകരുത്.
- കീടനാശിനിയുടെ ശുപാർശിത അളവ് മാത്രം എപ്പോഴും ഉപയോഗിക്കുക.
- സ്വന്തം ആരോഗ്യത്തെ ബാധിക്കുന്ന പ്രവർത്തനങ്ങളൊന്നും നടത്തരുത്.

**സ്പ്രേയർ**

- കേടുപാട് ഒന്നുമില്ലാത്ത സ്പ്രേയർ ഉപയോഗിക്കുക
- സ്പ്രേയറിൽ തടസ്സം അനുഭവപ്പെട്ടാൽ നോസിലുകൾ വായകൊണ്ട് ഊതി വൃത്തിയാക്കാൻ ശ്രമിക്കരുത്. പകരം ടൂത് ബ്രഷ് ഉപയോഗിച്ച് നീക്കം ചെയ്യുക.
- കീടനാശിനി/ കളനാശിനി എന്നിവയ്ക്കായി വെവ്വേറെ സ്പ്രേയർ ഉപയോഗിക്കുക.